**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3871** **03-03-2023 - ൽ മറുപടിയ്ക്ക്**

**കേരള പ്രവാസി ക്ഷേമ ബോർഡ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കേരള പ്രവാസി ക്ഷേമ ബോർഡ് ആരംഭിച്ചത് എത് വർഷമാണെന്നും അന്നത്തെ മുഖ്യമന്ത്രി ആരായിരുന്നുവെന്നും അറിയിക്കാമോ; | (എ) | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ആരംഭിച്ചത് 2009 -ൽ ആണ്. അന്നത്തെ മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യുതാനന്ദൻ ആയിരുന്നു. |
| (ബി) | 2015-16 സാമ്പത്തിക വർഷാവസാനം പ്രവാസി ക്ഷേമനിധിയിൽ എത്ര അംഗങ്ങൾ ഉണ്ടായിരുന്നുവെന്നും പ്രതിമാസ പെൻഷൻ എത്രയായിരുന്നുവെന്നും എത്ര അംഗങ്ങൾക്കാണ് പെൻഷൻ നൽകിയിരുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | 2015-2016 സാമ്പത്തിക വർഷാവസാനം പ്രവാസി ക്ഷേമനിധിയിൽ 148214 അംഗങ്ങൾ ഉണ്ടായിരുന്നു. 1എ - പ്രവാസി കേരളീയൻ (വിദേശം) അംഗങ്ങൾക്ക് പ്രതിമാസം 1000 രൂപയും, 1ബി- തിരിച്ചുവന്ന പ്രവാസി കേരളീയൻ (വിദേശം), പ്രവാസി കേരളീയൻ (ഭാരതം) അംഗങ്ങൾക്ക് പ്രതിമാസം 500 രൂപയും പെൻഷൻ അനുവദിച്ചു വന്നിരുന്നു. 5 വർഷത്തിൽ കൂടുതൽ അംശദായം അടച്ചിട്ടുള്ളവർക്ക് 5 വർഷത്തിന് ശേഷം അധികമടച്ച ഓരോ വർഷത്തിനും മിനിമം പെൻഷൻ തുകയുടെ 3% തുക കൂടി അധിക പെൻഷനായി അനുവദിക്കാൻ വ്യവസ്ഥയുണ്ട്. 2015-2016 സാമ്പത്തിക വർഷാവസാനം 2049 പേർക്ക് പ്രവാസി ക്ഷേമ പെൻഷൻ അനുവദിച്ചിരുന്നു. |
| (സി) | നിലവിൽ പ്രവാസി ക്ഷേമനിധിയിൽ എത്ര അംഗങ്ങളാണ് ഉള്ളതെന്നും പ്രതിമാസ പെൻഷൻ എത്രയാണെന്നും എത്ര അംഗങ്ങൾക്കാണ് പെൻഷൻ നൽകുന്നതെന്നും വ്യക്തമാക്കാമോ; | (സി) | 27.02.2023 -ലെ കണക്കനുസരിച്ച് 761654 പേർ പ്രവാസി ക്ഷേമനിധി അംഗങ്ങളായിട്ടുണ്ട്.<br><br>നിർദ്ദിഷ്ട പെൻഷൻ പ്രായം വരെ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള ഓരോ പ്രവാസി കേരളീയനായ (വിദേശം) - (1എ) അംഗത്തിന് 3500/- രൂപയും, ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) - (1ബി) അംഗത്തിനും, പ്രവാസി കേരളീയൻ (ഭാരതം) - (2എ) അംഗത്തിനും 3000/- രൂപയും പ്രതിമാസ മിനിമം പെൻഷൻ അനുവദിച്ചു വരുന്നു. 5 വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, 5 വർഷത്തിന് മുകളിൽ അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും ടി നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് |

| | | | |
|---|---|---|---|
| | | | തുല്യമായ തുക കൂടി അധിക പെൻഷനായി നൽകുന്നുണ്ട്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കവിയുന്നതല്ല.<br><br>2023 ഫെബ്രുവരി മാസത്തെ കണക്കനുസരിച്ച് 33034 പേർക്ക് പ്രവാസി ക്ഷേമ പെൻഷൻ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ക്ഷേമനിധിയിൽ അംഗത്വം നേടാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അംഗങ്ങൾ എത്ര രൂപയാണ് പ്രതിമാസം അടക്കേണ്ടതെന്നും എത്ര വർഷം കഴിഞ്ഞാലാണ് പെൻഷൻ ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ഡി) | 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവരും, എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരും ആയ വിദേശത്ത് താമസിക്കുന്ന ഓരോ പ്രവാസി കേരളീയനും, വിദേശത്ത് ചുരുങ്ങിയത് 2 വർഷം ജോലിചെയ്ത് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും, 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും, എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരും, തൊഴിലിനായോ അല്ലെങ്കിൽ മറ്റ് വിധത്തിലോ കേരളത്തിൽ നിന്നും പുറത്തുപോയിട്ടുള്ളവരും ആറ് മാസത്തിലധികമായി കേരളത്തിന് പുറത്ത്, ഇന്ത്യയിലെവിടെയെങ്കിലും താമസിക്കുകയും, അവിടെത്തന്നെ തുടരുകയും ചെയ്യുന്ന ഓരോ പ്രവാസി കേരളീയനും ക്ഷേമനിധിയിലെ അംഗത്വമെടുക്കാവുന്നതാണ്.<br><br>പ്രവാസി കേരളീയൻ (വിദേശം) - (1എ) അംഗം പ്രതിമാസം 350/- രൂപയും മുൻ പ്രവാസി കേരളീയനായ (വിദേശം) - (1ബി) അംഗവും, പ്രവാസി കേരളീയൻ (ഭാരതം) - (2എ) അംഗവും പ്രതിമാസം 200/- രൂപയും അംശദായമായി അടയ്ക്കേണ്ടതാണ്.<br><br>18 വയസ്സിനും 55 വയസ്സിനും മദ്ധ്യേ അംഗത്വമെടുത്ത് അംശദായം തുടർച്ചയായി അടച്ചു വരുന്നവർക്ക് 60 വയസ്സ് പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത മാസം മുതലും 55 വയസ്സിനു ശേഷം 60 വയസ്സു വരെ അംഗത്വമെടുത്ത് അംശദായം തുടർച്ചയായി അടച്ചു വരുന്നവർക്ക് അവർ 5 വർഷം അംശദായമടച്ച് പൂർത്തിയാക്കുന്ന മുറയ്ക്കും പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. |
| (ഇ) | സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന അറുപത് വയസ്സ് കഴിഞ്ഞ വ്യക്തിക്ക് പ്രവാസി ക്ഷേമപെൻഷന് അർഹതയുണ്ടോ? | (ഇ) | ആറ് മാസത്തിലധികമായി കേരളത്തിന് പുറത്ത്, ഇന്ത്യയിലെവിടെയെങ്കിലും താമസിക്കുകയും, അവിടെത്തന്നെ തുടരുകയും ചെയ്യുന്ന പ്രവാസി കേരളീയർ 18 വയസ്സിനും 60 വയസ്സിനും മദ്ധ്യേ പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് നിർദ്ദിഷ്ട പെൻഷൻ പ്രായം വരെ തുടർച്ചയായി അംശദായമടച്ചാൽ മാത്രമേ പ്രവാസി ക്ഷേമ പെൻഷന് അർഹത ലഭിക്കുകയുള്ളൂ. 60 വയസ്സ് |

| | | | |
|---|---|---|---|
| | | | കഴിഞ്ഞവർക്ക് ക്ഷേമ നിധി അംഗത്വം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ